പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1123 — 06.02.2020 ൽ മറുപടിക്ക്

# ദേശീയപാത നിർമ്മാണ പ്രവർത്തനം

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള ആദ്യഘട്ട വികസനം ഏത് മേഖലയിലാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;<br>(ബി) നിലവിലുള്ള രണ്ടുവരി പാത ആറുവരി പാതയായി വികസിപ്പിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്ന് അറിയിക്കാമോ<br>(സി) എത്ര ശതമാനം സ്ഥലം ഇതിനകം ഏറ്റെടുത്തെന്ന് അറിയിക്കാമോ<br>(ഡി) ദേശീയപാത നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് വിലയിരുത്തുന്നത്; ഇതിനായി കേന്ദ്ര വിഹിതം എത്രയാണ്; സംസ്ഥാന വിഹിതമായി നൽകേണ്ടത് എത്രയാണ്; വിശദമാക്കുമോ? | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | കർണാടക അതിർത്തി മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത 66 ന്റെ വികസനം ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി പുരോഗമിക്കുകയാണ്. നിലവിലുള്ള രണ്ടുവരി പാത ആറുവരി പാതയായി വികസിപ്പിക്കുന്നതിന് 1155.146 HA ഭൂമി ആവശ്യമാണ് ഇതിൽ 122.144 HA ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ദേശീയപാത വികസനം സംബന്ധിച്ച നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.<br>കേന്ദ്ര ഉപരിതലഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 03.10.2019 ന് ഒപ്പുവച്ച ധാരണാപത്ര പ്രകാരം സംസ്ഥാനത്ത് ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ ചെലവാകുന്ന തുകയുടെ 25% മാണ് സംസ്ഥാന വിഹിതം. ഭൂമിയുടെ വില കൃത്യമായി കണക്കാക്കിയതിനു ശേഷം മാത്രമേ സംസ്ഥാനവിഹിതം എത്രയാണെന്ന് വ്യക്തമാകുകയുള്ളൂ ഏകദേശം 6000 കോടിയെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ